അവശ്യസാധനങ്ങളുടെ വില നിലവാരം

97 (754)ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ജി. കാർത്തികേയൻ :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ തുറന്ന കമ്പോളത്തിൽ അവശ്യ സാധനങ്ങളുടെ വില എന്തായിരുന്നു;

(ബി) ഇപ്പോൾ അവയുടെ വില എത്ര വീതമാണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ)&ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോഴുള്ള തുറന്ന കമ്പോളത്തിലെ ആവശ്യ സാധനങ്ങളുടെ വിലയും ഇപ്പോഴുള്ള വിലയും താരതമ്യം ചെയ്ത പട്ടിക അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു.†

നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം

98 (755)ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം നിയന്ത്രിയ്ക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മാവേലീസ്റ്റോർ, നീതിസ്റ്റോർ, ഓപ്പൺ മാർക്കറ്റ് എന്നിവയിലെ 1996 ജൂൺ, 2000 മേയ് എന്നീ മാസങ്ങളിലെ വില നിലവാരം വെളിപ്പെടുത്തുമോ;

(സി) മേൽപ്പറഞ്ഞ കാലയളവിൽ ഓപ്പൺ മാർക്കറ്റിൽ നിത്യോപയോഗസാധനങ്ങൾക്ക് ഓരോന്നിനും എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം നിയന്ത്രിക്കാൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(1) ദാരിദ്ര്യമേഖലയ്ക്ക് മുകളിലുള്ള കാർഡുടമകൾക്ക് നിലവിലുള്ള റേഷൻ വിലയെക്കാൾ കിലോഗ്രാമിന് രണ്ടു രൂപാ കുറച്ച് 10 രൂപ 40 പൈസ നിരക്കിൽ 16 കിലോഗ്രാം അരി മാസംതോറും ഓരോ കാർഡിനും നൽകിവരുന്നു.

---

† അനുബന്ധം X(3) കാണുക

LIBRARY ARCHIVES Kerala Legislative Assembly

(2) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽപ്പെട്ടവരായി കേരളത്തിൽ കേന്ദ്രം 25% കുടുംബങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെങ്കിലും കേരള സർക്കാർ സംസ്ഥാനത്തെ 42% കുടുംബങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കിലോഗ്രാമിന് 6.40 രൂപ നിരക്കിൽ ഓരോ മാസവും 20 കിലോഗ്രാം അരി നൽകിവരുന്നു. മറ്റു നിത്യോപയോഗ സാധനങ്ങൾകൂടി വിതരണം നടത്താൻ റേഷൻ വ്യാപാരികളെ അനുവദിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട രണ്ടായിരത്തിൽപ്പരം റേഷൻ കടകളിൽകൂടി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന ലഭ്യമാക്കുന്ന പഞ്ചസാര വർഗ്ഗങ്ങളും പലവ്യഞ്ജനങ്ങളും വിറ്റുവരുന്നു. വിൽപ്പന വർദ്ധിപ്പിക്കുവാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ റേഷൻ വ്യാപാരികൾക്ക് ക്രെഡിറ്റ് ഫെസിലിറ്റി നൽകുവാനും നടപടി സ്വീകരിച്ചുവരുന്നു.

3. ഉത്സവകാലങ്ങളിൽ മെട്രോഫെയർ, ഓണംഫെയർ, ഓണച്ചന്ത, ക്രിസ്തുമസ്, റംസാൻ ഫെയറുകൾ എന്നിവ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ടും മാവേലിസ്റ്റോറുകൾ, സഹകരണ സംഘങ്ങൾ എന്നിവ മുഖേനയും നടത്തി ന്യായവിലയ്ക്ക് അവശ്യസാധനങ്ങൾ വിതരണം ചെയ്തു വരുന്നു.

4. സാധാരണ റേഷനു പുറമേ ഉത്സവകാലങ്ങളിൽ സ്പെഷ്യൽ അരി, പഞ്ചസാര എന്നിവ വിതരണം ചെയ്തുവരുന്നു.

5. നിത്യോപയോഗസാധങ്ങളുടെ വിലനിലവാരം നിയന്ത്രിക്കുന്നതിന് 753 മാവേലി സ്റ്റോറുകൾ വഴി അരിയും മറ്റു നിത്യോപയോഗ സാധനങ്ങളും കുറഞ്ഞ വിലയ്ക്ക് പൊതുജനങ്ങൾക്കു നൽകുന്നു. സഹകരണ മേഖലയിൽ 1040 നീതിസ്റ്റോറുകൾ തുറന്നു പ്രവർത്തനം ആരംഭിച്ചു. ഇതിനു പുറമെ നിത്യോപയോഗ സാധനങ്ങളുടെ വിൽപ്പനയ്ക്കായി പ്രധാനപ്പെട്ട വ്യാപാര കേന്ദ്രങ്ങളിൽ സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ 25 സൂപ്പർ മാർക്കറ്റുകൾ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പുതുതായി 25 സൂപ്പർ മാർക്കറ്റുകൾ കൂടി തുടങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി)&(സി) 1996 ജൂൺ, 2000 മേയ് എന്നീ മാസങ്ങളിലെ മാവേലി സ്റ്റോറിലെ വിലനിലവാരം അനുബന്ധം 1-ലും† നീതി സ്റ്റോറിലെ 2000 മേയിലെ വിലനിലവാരം അനുബന്ധം 2-ലും (1996 ജൂൺ മാസത്തിൽ നീതി സ്റ്റോർ നിലവിലില്ല.) 1996 മെയ്, 2000 മേയ് എന്നീ മാസങ്ങളിലെ ഓപ്പൺ മാർക്കറ്റിലെ വിലനിലവാരവും ഓരോന്നിനും ഉണ്ടായ വർദ്ധനവിന്റെ ശതമാനവും അനുബന്ധം -3-ലും ചേർത്തിരിക്കുന്നു.

(ഡി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സർക്കാർ താഴെ പറയുന്ന നടപടികൾ എടുത്തു വരുന്നു.

(1) കരിഞ്ചന്ത, പൂഴ്ത്തിവെയ്പ്പ്, അന്യായമായ ലാഭമെടുക്കൽ എന്നീ കച്ചവട ദുഷ്പ്രവണതകൾ തടയുന്നതിന് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ സിവിൽ സപ്ലൈസ്, പോലീസ്, അളവു-തൂക്കം, വില്പന നികുതി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരടങ്ങിയ പരിശോധനാ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. മേൽപ്പറഞ്ഞ കുറ്റകൃത്യങ്ങൾക്കെതിരെ ആവശ്യ

† അനുബന്ധം X (1,2,3)

LIBRARY ARCHIVES Kerala Legislative Assembly

സാധന നിയമപ്രകാരം നടപടികൾ കൈക്കൊള്ളുന്നതിന് വകുപ്പിൽ സംവിധാനമുണ്ട്.

(2) കച്ചവടക്കാർ ദിനംപ്രതി വിലവിവരപ്പട്ടിക പ്രദർശിപ്പിക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ സപ്ലൈ ആഫീസർ കൺവീനറുമായി ഒൻപതു വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരടങ്ങിയ ഒരു മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്. മോണിറ്ററിംഗ് സെല്ലിന്റെ നേതൃത്വത്തിൽ മിന്നൽ പരിശോധനകളും, റെയ്ഡുകളും നടത്തി, കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നു. ഇവയുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ സംസ്ഥാന പ്രൈസ് കൺട്രോൾ ആന്റ് മോണിറ്ററിംഗ് സെല്ലും പ്രവർത്തിക്കുന്നുണ്ട്.

മാവേലീസ്റ്റോറുകളുടെ പ്രവർത്തനത്തിന് ജനകീയ കമ്മിറ്റികൾ

99 (756) ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി മാവേലീസ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര മാവേലീ സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു;

(സി) ഈ സർക്കാർ കഴിഞ്ഞ നാലുവർഷത്തിനിടയിൽ എത്ര മാവേലീ സ്റ്റോറുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) മാവേലീസ്റ്റോറുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്താൻ പഞ്ചായത്ത് തലത്തിൽ ജനകീയ കമ്മിറ്റികൾക്ക് രൂപം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 753 മാവേലീസ്റ്റോറുകളും 21 സഞ്ചരിക്കുന്ന മാവേലീസ്റ്റോറുകളും സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

(സി) 107 പുതിയ മാവേലീസ്റ്റോറുകൾ ആരംഭിച്ചു. അടച്ചുപൂട്ടിയിരുന്ന 15 മാവേലീസ്റ്റോറുകൾ വീണ്ടും തുറന്നു പ്രവർത്തനം ആരംഭിച്ചു.

(ഡി) ഇതു സംബന്ധിച്ച നിർദ്ദേശമൊന്നും നിലവിലില്ല.

പുതിയ മാവേലീസ്റ്റോറുകളും അവയിലെ നിയമനങ്ങളും

100 (757) ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X (1)

(26.6.2000-ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 98 (755) കാണുക.)

മാവേലിസ്റ്റോറിലെ വില

നം.	ഇനം	1996 ജൂൺ മാസത്തിലെ വില	2000 മേയ് മാസത്തിലെ വില
1.	അരി	7.60	11.40
2.	ചെറുപയർ	22.50	23.00
3.	ചെറുപയർ പരിപ്പ്	20.00	--
4.	ഉഴുന്ന് (തൊലികളഞ്ഞത്)	28.00	30.00
5.	ഉഴുന്ന് പിളർപ്പ്	25.00	26.00
6.	കടല വലുത്	15.50	17.50
7.	ചെറുകടല	12.50	14.00
8.	വൻപയർ	14.50	17.00
9.	പീസ്പരിപ്പ്	15.00	15.50
10.	തുവരപരിപ്പ്	27.00	22.00
11.	മുളക്	42.00	32.00
12.	മല്ലി	22.40	25.00
13.	കടുക്	16.00	18.00
14.	ജീരകം	70.00	95.00
15.	ഉലുവ	15.00	19.00
16.	മഞ്ഞൾ	18.00	30.00
17.	പഞ്ചസാര	14.80	15.00

അനുബന്ധം X (2)

(26.6.2000-ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 98 (755) കാണുക.)

നീതിസ്റ്റോറിലെ വില

ഇനം	1996 ജൂൺ മാസത്തിലെ വില	2000 മേയ് മാസത്തിലെ വില
പച്ചരി	1996-ൽ നീതിസ്റ്റോർ നിലവിലില്ല	11.40
കുത്തരി		12.00
പഞ്ചസാര		15.80
മുളക്		42.00
ഉഴുന്ന്		37.50
കടല		22.00
ചെറുപയർ		28.00
തുവര		30.00
പീസ് പരിപ്പ്		16.50

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം X (3)

(26.6.2000-ത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 97 (754), 98 (755) കാണുക.)

തുറന്ന കമ്പോളത്തിലെ വില

ക്രമ നം.	സാധനങ്ങളുടെ പേര്	യൂണിറ്റ്	20.5.96	31.5.2003	വർദ്ധനവ് (ശത മാനത്തിൽ)
			സംസ്ഥാന ശരാശരി വില		
1.	നാടൻ അരി	കി.ഗ്രാം	10.17	12.97	27.53
2.	വെള്ള അരി	കി.ഗ്രാം	9.80	13.35	36.22
3.	ചെറുപയർ	കി.ഗ്രാം	26.71	29.11	8.98
4.	ഉഴുന്ന്പരിപ്പ്	കി.ഗ്രാം	27.50	31.67	15.16
5.	തുവരപരിപ്പ്	കി.ഗ്രാം	32.42	30.31	(-)6.50
6.	പഞ്ചസാര	കി.ഗ്രാം	14.56	15.07	3.50
7.	വെളിച്ചെണ്ണ	കി.ഗ്രാം	42.16	39.36	(-)6.64
8.	കടലയെണ്ണ	കി.ഗ്രാം	45 89	49.09	6.97
9.	തേങ്ങ	10(	415.36	417.86	0.( )
10.	മല്ലി	കി.ഗ്രാം	25.86	33.86	30.94
11.	വറ്റൽമുളക്	കി.ഗ്രാം	47.64	39.07	(-)17.99
12.	ഉള്ളി (ചെറുത്)	കി.ഗ്രാം	13.69	17.60	28.50
13.	പുളി	കി.ഗ്രാം	19.71	30.57	55.10
14.	ജീരകം	കി.ഗ്രാം	93.43	122.50	31.11
15.	കടുക്	കി.ഗ്രാം	19.64	26.64	35.64
16.	ഉലുവ	കി.ഗ്രാം	18.04	29.36	62.75
17.	മഞ്ഞൾ	കി.ഗ്രാം	29.57	41.36	39.87
18.	ചേന	കി.ഗ്രാം	6.00	7.79	29.83
19.	മരച്ചീനി	കി.ഗ്രാം	3.96	4.54	39.( )
20.	ഉരുളക്കിഴങ്ങ്	കി.ഗ്രാം	9.75	9.00	(-)7.69
21.	ചേമ്പ്	കി.ഗ്രാം	11.73	13.23	12.78
22.	സവാള	കി.ഗ്രാം	5.68	5.89	3.70
23.	കത്തിരിക്ക	കി.ഗ്രാം	7.29	9.36	28.40
24.	മത്തൻ	കി.ഗ്രാം	5.29	8.21	55.20
25.	വെള്ളരിക്ക	കി.ഗ്രാം	5.57	7.84	35.37
26.	വെണ്ടക്കായ്	കി.ഗ്രാം	9.14	9.86	7.88
27.	പാവക്കായ്	കി.ഗ്രാം	13.64	17.14	25.66
28.	കുമ്പളങ്ങ	കി.ഗ്രാം	4.79	7.07	47.64
29.	പച്ചമുളക്	കി.ഗ്രാം	14.00	15.07	7.64
30.	ഏത്തൻകായ്	കി.ഗ്രാം	13.75	13.64	(-)0.80
31.	പച്ചക്കായ്	കി.ഗ്രാം	6.21	7.96	28.18
32.	തേയില(കണ്ണൻദേവൻ)	കി.ഗ്രാം	83.50	126.92	52.00
33.	കാപ്പിപ്പൊടി(ബ്രൂക്ക് ബോണ്ട്)	കി.ഗ്രാം	110.86	140.58	26.80
34.	സൺലൈറ്റ് സോപ്പ്	1 ബാർ	6.15	6.63	7.80
35.	ലക്സ് സോപ്പ്(100ഗ്രാം)	1 ബാർ	7.61	10.48	41.43

LIBRARY ARCHIVES Kerala Legislative Assembly